നിർദ്ദേശങ്ങൾ പാലിച്ച് കേന്ദ്ര ഫണ്ട് തിരികെ അടയ്ക്കുവാൻ നിർബന്ധിതമായിട്ടുണ്ട്. പദ്ധതികൾ പൂർത്തിയാക്കുന്നതിൽ വരുന്ന കാലതാമസം പദ്ധതികൾ നഷ്ടപ്പെടാനും ലഭിച്ച തുക തിരിച്ച് നൽകാനും ഇടയാക്കുമെന്നതിനെക്കുറിച്ച് അതത് പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് മുൻകൂട്ടി നിർദ്ദേശം നൽകുകയും അത് പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധന നടത്തുകയും ചെയ്യാറുണ്ട്. സമയബന്ധിതമായി തീർക്കാൻ കഴിയാത്ത പദ്ധതികളുടെ സമയപരിധി നീട്ടിക്കിട്ടുന്നതിനു വേണ്ടി കേന്ദ്ര ടൂറിസം വകപ്പിന് അപേക്ഷ നൽകിയിട്ടും സമയ പരിധി നീട്ടിക്കിട്ടാത്ത പദ്ധതികളുമായി ബന്ധപ്പെട്ട തുകയാണ് തിരിച്ചടച്ചിട്ടുള്ളത്.

വിനോദസഞ്ചാര സീസണിൽ ടൂറിസം കേന്ദ്രങ്ങളിൽ ആവശ്യമായ മുന്നൊരുക്കം സ്വീകരിക്കാൻ നടപടി

308 (1016) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര സീസൺ ആരംഭിച്ചിട്ടും പല ടൂറിസം കേന്ദ്രങ്ങളിലും ആവശ്യമായ മുന്നൊരുക്കം നടത്താൻ കഴിഞ്ഞില്ലെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ പ്രഖ്യാപിച്ച പല പദ്ധതികളും ഇതുവരെ ആരംഭിക്കാൻ കഴിയാതിരുന്നതും പല പദ്ധതികളും ഇടയ്ക്ക് മുടങ്ങിയതും പല പദ്ധതികളും അഴിമതിയിൽപ്പെട്ടതും ടൂറിസം വികസനത്തിനു തിരിച്ചടിയായത് പരിശോധിക്കുമോ ;

(സി) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്ര പദ്ധതികൾ പ്രഖ്യാപിച്ചെന്നും അതിൽ എത്ര പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ 179 പദ്ധതികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. അവയിൽ 10 എണ്ണം പൂർത്തീകരിച്ചു. ബാക്കിയുള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly